പുറപ്പെടുവിച്ചെങ്കിലും WP(C)30107/15-ലും സമാന കേസുകളിലും ഉണ്ടായ 15-1-2015-ലെ വിധിപ്രകാരം പാക്കേജും അനുബന്ധ ഉത്തരവുകളും ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദാക്കിയിരിക്കുകയാണ്. സർക്കാർ നൽകിയ അപ്പീൽ കോടതി അനുവദിച്ചുവെങ്കിലും ആയതിന്മേൽ അന്തിമവിധി ഉണ്ടായിട്ടില്ല. പാക്കേജ് സംബന്ധിച്ച് പല ഉത്തരവുകൾ പിന്നീട് പുറപ്പെടുവിച്ചെങ്കിലും പാക്കേജ് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളെല്ലാം ഇന്നും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. നിയമനാംഗീകാരം ലഭിക്കാതിരുന്ന അദ്ധ്യാപകർക്ക് അംഗീകാരം ലഭ്യമാകുന്നതിനും, തസ്തിക നഷ്ടപ്പെട്ട് പുറത്താകുന്ന അദ്ധ്യാപകരെ സംരക്ഷിക്കുന്നതിനും യു.പി.ഡി. അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം, 2015-16 മുതൽ അനിവാര്യ മായതിനാൽ ജി.ഒ.(പി)199/11/പൊ.വി.വ മുതൽ ഉത്തരവായ അദ്ധ്യാപക പാക്കേജ് പിൻവലിച്ച് വീണ്ടും ഒരു പുതിയ പാക്കേജ് 6-8-2015-ലെ ജി.ഒ.(പി)213/15/പൊ.വി.വ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചെങ്കിലും ആയതും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി

87 (1164) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം ഹൈസ്കൂളായി ഉയർത്തപ്പെട്ട സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശമ്പളം ലഭിക്കാതിരിക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത അദ്ധ്യാപകരുടെ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആർ.എം.എസ്.എ. പദ്ധതി പ്രകാരം ഹൈസ്കൂളായി ഉയർത്തപ്പെട്ട 111 സ്കൂളുകളിൽ സംസ്ഥാന സർക്കാർ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും ഈ സ്കൂളുകളിലെ ഹെഡ്മാസ്റ്റർക്കും 5 ഹൈസ്കൂൾ അദ്ധ്യാപകർക്കുമുള്ള ശമ്പളം മാത്രമാണ് കേന്ദ്ര ഗവൺമെന്റിന്റെ എം.എച്ച്.ആർ.ഡി. അനുവദിച്ചിട്ടുള്ളത്. ഇതിൽ 2011-12-ൽ അപ്ഗ്രേഡ് ചെയ്ത 16 സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർക്ക് ആർ.എം.എസ്.എ.-യുടെ 2015-16-ലെ വാർഷിക പദ്ധതിയിൽ അംഗീകാരം ലഭിച്ചിട്ടില്ല.

(ബി) അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിലെ കേന്ദ്ര സർക്കാർ എം.എച്ച്.ആർ.ഡി. അംഗീകാരം ലഭിച്ച തസ്തികകൾക്കുപരിയായി അധിക തസ്തികകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്കുള്ള ശമ്പളം സംസ്ഥാന സർക്കാർ ഫണ്ടിൽ നിന്നും നൽകുന്നതിനുവേണ്ടെ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly